## പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *111

30.01.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളിൽ ആധുനിക ലൈബ്രറി സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>,, ഇ.പി.ജയരാജൻ<br>,, കെ. ദാസൻ<br>,, യു. ആർ. പ്രദീപ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളിൽ ആധുനിക ലൈബ്രറി സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയ്ക്കായുള്ള പുസ്തക ശേഖരണം എപ്രകാരം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) ലൈബ്രറി സംവിധാനം ഒരുക്കുന്നതിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്ന് അതാത് സ്കൂൾ പ്രഥമാദ്ധ്യാപകർ മുഖാന്തിരം പുസ്തക ശേഖരണം നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പുസ്തകങ്ങളുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (സി) പദ്ധതിയ്ക്കായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) ഉണ്ട്.<br>2017-18 സാമ്പത്തിക വർഷം ഹൈസ്കൂളിലെ ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 40 ലക്ഷം രൂപ (നാൽപ്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 38 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലെ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 4200 ലക്ഷം രൂപ (നാലായിരത്തി ഇരുന്നൂറ് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |

(ഡി) വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട റഫറൻസ് പുസ്തകങ്ങൾ ഡിജിറ്റലായി ലഭ്യമാകുന്നതിന് പ്രസ്തുത പദ്ധതിയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) ഉണ്ട്. വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട റഫറൻസ് പുസ്തകങ്ങൾ ഡിജിറ്റലായി ലഭ്യമാകുന്നതിനായി 'സമഗ്ര പോർട്ടൽ' വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേന എല്ലാ ഡിജിറ്റൽ ക്ലാസ് മുറികളിലും പാഠഭാഗങ്ങൾക്ക് അനുസൃതമായ ഡിജിറ്റൽ റിസോഴ്സുകൾ, സമഗ്രാസൂത്രണ- സൂക്ഷ്മാസൂത്രണ രേഖകൾ, ദൃശ്യ-ശ്രാവ്യ അനുഭവങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്ന ഡിജിറ്റൽ ഉള്ളടക്കങ്ങൾ എന്നിവ അദ്ധ്യാപകരുടെ സഹായത്താൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ